**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2220** **12-12-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കൂടുതൽ ജനങ്ങൾക്ക് സഹായകരമാകുന്ന നിലയിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ചികിത്സ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും, കടൽക്ഷോഭം മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000/- രൂപ വീതം ജില്ലാകളക്ടർമാർ അനുവദിക്കുന്നുണ്ട്. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ നാശ നഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/- രൂപയും നൽകി വരുന്നുണ്ട്. അപകടമരണങ്ങൾക്ക് ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന മറ്റ് ധനസഹായങ്ങൾക്ക് പരമാവധി തുക നിശ്ചയിച്ചിട്ടില്ല. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് CMDRF ൽ നിന്നും 5000 രൂപ വീതം ആദ്യ സമാശ്വാസം ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | മാസം മുതൽ 36 മാസം വരെ വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | നിർധന രോഗികൾക്ക് ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് 10,000/- രൂപയും റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000/- രൂപയും റവന്യൂ വകുപ്പ് മന്ത്രിക്ക് 25,000/- രൂപയും മുഖ്യമന്ത്രിയ്ക്ക് 3 ലക്ഷം രൂപയും മാത്രമെ പരമാവധി അനുവദിക്കാൻ കഴിയുകയുള്ളൂ. 3 ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം അനുവദിക്കേണ്ടി വരുന്ന കേസുകളിൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടെയാണ് നിലവിൽ ധനസഹായം അനുവദിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ